കേരള സർക്കാർ

നം.62393/ഡിബി2/10/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം, തീയതി :18/11/2010

# സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്: അംഗൻവാടികൾ മുഖേന നടപ്പിലാക്കുന്ന പോഷകാഹാര പ്രോജക്ടുകൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന: 1. 26/6/1998-ലെ സ.ഉ (പി) നം. 20/98/സാ.ക്ഷേ.വ നമ്പർ ഉത്തരവ്
2. 20/5/2006-ലെ 17101/പി1/06/തസ്വഭവ നമ്പർ സർക്കാർ കത്ത്.
3. 14/5/2008-ലെ 31936/ഡിബി2/08/തസ്വഭവ നമ്പർ സർക്കുലർ
4. പഞ്ചായത്ത് ഡയറക്ടറുടെ 9/5/10-ലെ ജെ4-6771/10 നമ്പർ കത്ത്.
5. 26/10/10-ലെ 2.35 നമ്പരിലുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം

സംയോജിത ശിശുവികസന പരിപാടിയുടെ ഭാഗമായി (Integrated Child Development Scheme) അംഗൻവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പ്രോജക്ടുകളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും കൈമാറിയതിന്റെ അടിസ്ഥാനത്തിൽ പോഷകാഹാര വിതരണത്തിന് ആവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ മാവേലി സ്റ്റോർ, നീതിസ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ കടകൾ), കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് വാങ്ങണമെന്ന് സൂചന ഒന്ന്, രണ്ട്, മൂന്ന് എന്നിവ പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നുകൂടി സംസ്ഥാനത്തെ അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ മാവേലി സ്റ്റോറുകളിലെ വിലയിൽ അധികരിക്കാതെ വാങ്ങുവാൻ നിർദ്ദേശം നൽകണമെന്ന് സൂചന നാലിലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഈ വിഷയം സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. സൂചന 5-ലെ തീരുമാനത്തിൻ പ്രകാരം താഴെപ്പറയുന്ന നിർദ്ദേശം നൽകുന്നു.

അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കളും, ഭക്ഷ്യ ഉൽപന്നങ്ങളും മാവേലി സ്റ്റോർ, നീതി സ്റ്റോർ , സഹകരണ സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നോ, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി മത്സ്യ വകുപ്പ് ആരംഭിച്ചിട്ടുള്ള തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ മാവേലി സ്റ്റോറുകളിലെ വിലയിൽ അധികരിക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്.

ബി.സരസ്വതി അമ്മ

അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
7. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർമാൻമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
9. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
11. എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
12. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
13. നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ, കൊല്ലം, എറണാകുളം, കോഴിക്കോട്
14. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
15. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
16. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ)കേരള,തിരുവനന്തപുരം
17. ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം
18. ഓഫീസ് കോപ്പി/കരുതൽഫയൽ